# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.120

11.02.2016-ൽ മറുപടിക്ക്

## ഓൺലൈൻ രജിസ്ട്രേഷൻ -പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.എം. ഹംസ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഏതെല്ലാം രജിസ്ട്രേഷനുകളാണ് ഓൺ ലൈനാക്കിയിട്ടുള്ളത് ; | എ) സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>1)ആധാര രജിസ്ട്രേഷൻ<br>2)സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ<br>3)പാർട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ<br>4)സൊസൈറ്റി രജിസ്ട്രേഷൻ<br>എന്നീ സേവനങ്ങളാണ് ഓൺലൈൻ സംവിധാനം വഴി പൊതുജനങ്ങൾക്ക് നൽകിവരുന്നത്. |
| ബി) സെർവറിന് ആവശ്യത്തിന് ശേഷിയില്ലാത്തതിനാൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം പരാജയപ്പെട്ടതായറിയാമോ; | ബി) ഇല്ല. സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ ക്ഷമതയുള്ള 2 സെർവറുകൾ സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത സംവിധാനം ആരംഭിച്ചതു മുതൽ ആധാരം രജിസ്ട്രേഷൻ ഭീമമായി കുറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ ആധാര രജിസ്ട്രേഷനിൽ കുറവ് സംഭവിച്ചിട്ടില്ല. |
| ഡി) ഇതു കാരണം വകുപ്പിന്റെ വരുമാനത്തിൽ എത്ര കുറവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; | ഡി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനം പരിശോധിച്ചതിൽ, ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ വരുമാനത്തിൽ കുറവുവന്ന |

തായി കാണുന്നില്ല. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| **ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ്** | | **ഓൺലൈൻ പദ്ധതി നടപ്പിലാക്കിയതിന് ശേഷം** | |
|---|---|---|---|
| കാലയളവ് | വരുമാനം | കാലയളവ് | വരുമാനം |
| 2014 ഡിസംബർ | 193.29 കോടി രൂപ | 2015 ഡിസംബർ | 210.93 കോടി രൂപ |
| 2015 ജനുവരി | 207.62 കോടി രൂപ | 2016 ജനുവരി | 216.28 കോടി രൂപ |

ഇ) പൊതുജനത്തിന് ഈ സംവിധാനം മൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങളും സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഇ) പ്രാരംഭഘട്ടത്തിലുണ്ടായ ചില സാങ്കേതിക തടസങ്ങളൊഴിച്ചാൽ പൊതുജനത്തിന് സുതാര്യമായ ഈ സംവിധാനം പ്രയോജനകരമാകുന്നതാണ്. ഇതുമൂലം സർക്കാരിന് റവന്യു വരുമാനത്തിൽ കുറവുവന്നതായി കാണുന്നില്ല.

**സെക്ഷൻ ഓഫീസർ**